**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537** **24-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭകരെ കണ്ടെത്താനും അവരെ ബോധവൽക്കരിക്കാനുമായി ബ്ലോക്കു തലത്തിൽ വ്യവസായ വികസന ഓഫീസർമാരും താലൂക്ക് തലത്തിൽ ഉപജില്ലാ വ്യവസായ ഓഫീസറും സംരംഭകർക്ക് സേവനങ്ങളും ബ്ലോക്ക് തല ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. കൂടാതെ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 മുതൽ ബ്ലോക്ക് പരിധിയിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭകത്വ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുകയും അവയിൽ സാങ്കേതിക യോഗ്യതയുള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരെ നിയമിച്ച് ഓൺലൈൻ സേവനങ്ങളും സാങ്കേതിക സഹായങ്ങളും സൗജന്യമായി സംരംഭകർക്ക് നൽകിയും വരുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ പരിശീലന പരിപാടികളും നിക്ഷേപ സംഗമങ്ങളും വായ്പ-ലൈസൻസ് മേളകളും നടത്തി വരുന്നുണ്ട്. മേൽ കാലയളവിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സംസ്ഥാന കേന്ദ്ര സർക്കാരുകൾ ആവിഷ്കരിച്ച ധന സഹായ പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME),സംരംഭക സഹായ പദ്ധതി (ESS), ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE), ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് | (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 3748 യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2023-24-ൽ മണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2023-24-ൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 844 യൂണിറ്റുകൾ തുടങ്ങുന്നതിന് ലക്ഷ്യമിടുകയും 905 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലക്ഷ്യ പൂർത്തീകരണത്തിനായി എല്ലാ പഞ്ചായത്തുകളിലും സംരംഭകത്വ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുകയും അവയിൽ സാങ്കേതിക യോഗ്യതയുള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് മാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ പരിശീലന പരിപാടികളും നിക്ഷേപ സംഗമങ്ങളും വായ്പ-ലൈസൻസ് മേളകളും നടത്തി വരുന്നുണ്ട്. മേൽ കാലയളവിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സംസ്ഥാന-കേന്ദ്ര സർക്കാരുകൾ ആവിഷ്കരിച്ച ധന സഹായ പദ്ധതികളായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME),സംരംഭക സഹായ പദ്ധതി (ESS), ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE), ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ